പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *217　　09.03.2017-ന് മറുപടിയ്ക്ക്

## പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ ആൻസലൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എം. നൗഷാദ് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| എ) | പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; | എ) | പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് അനാസ്ഥയുണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ പദ്ധതി വിഹിതം ചിലവഴിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെയും, പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളും വകുപ്പ് തലത്തിൽ സർക്കാർ അവലോകനം ചെയ്യുന്നുണ്ട്. |
| സി) | പിന്നോക്ക വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികളും വികസന പദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും നടപ്പിൽ വരുത്തുന്നതിന് നടപടിയുണ്ടാകുമോ ? | സി) | നിലവിൽ പിന്നോക്ക വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികളും വികസനപദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വിദ്യാഭ്യാസാനുകൂല്യങ്ങളും , സ്കോളർഷിപ്പുകളും

### 1. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്

50% കേന്ദ്ര സഹായത്തോടെ പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന, കുടുംബവാർഷിക വരുമാനം 44,500/- രൂപയിൽ അധികരിക്കാത്ത വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. വാർഷിക സ്കോളർഷിപ്പ് നിരക്ക് ചുവടെ ചേർക്കുന്നു.

| Class | Adhoc Bonus | Stipend | Total Scholarship Amount |
|---|---|---|---|
| Std I – V | ` 500/- | 25 x10 = 250/- | ` 750/- |
| Std VI – VIII | ` 500/- | 40 x10 = 400/- | ` 900/- |
| Std IX & X | ` 500/- | 50 x10 = 500/- | ` 1000/- |

- ❖ അധ്യയന വർഷാരംഭത്തിൽ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകരെ ഏൽപ്പിക്കേണ്ടതാണ്.
- ❖ ഫണ്ടിന്റെ അപര്യാപ്തത മൂലം സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ മാത്രമാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.
- ❖ സ്കൂൾ അധികൃതർ നിശ്ചിത തീയതിക്കകം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് www.scholarship.itschool.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺ ലൈൻ എൻട്രി നടത്തണം.
- ❖ അപേക്ഷാഫാറങ്ങൾ സ്കൂളിൽ സൂക്ഷിച്ചാൽ മതിയാകും. അപേക്ഷാഫാറത്തിൽ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക നിർബന്ധമായും സാക്ഷ്യപ്പെടുത്തിയിരിക്കണം
- ❖ ഓരോ വർഷവും അനുവദിക്കുന്ന ഫണ്ടിനനുസരിച്ച് അപേക്ഷകരുടെ മാർക്കിന്റേയും വരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ആണ് ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നത്.
- ❖ ഒരു വർഷം അനുവദിക്കപ്പെട്ടു എന്ന കാരണത്താൽ തുടർന്നുള്ള എല്ലാ വർഷവും സ്കോളർഷിപ്പ് ലഭ്യമാകണമെന്നില്ല.
- ❖ **2015-16 മുതൽ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക ട്രാൻസ്ഫർ ചെയ്യുന്നത്. ആയതിനാൽ തുക അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് ഹോൾഡറുടെ പേര്, അക്കൗണ്ട് നമ്പർ, IFSC) ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്.**
- ❖ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് പരിഗണിക്കുന്ന സമുദായങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

### 2. ഒ.ഇ.സി ലംപ്സം ഗ്രാന്റ്

മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാനുകൂല്യം അനുവദിക്കുന്നതിന് ചട്ടം നിലവിലുണ്ട്. നിലവിൽ അനുവദിക്കുന്ന ഒ.ഇ.സി ലംപ്സം ഗ്രാന്റ് നിരക്ക് ചുവടെ ചേർക്കുന്നു. ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ല. അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥി കൾക്കും ആനുകൂല്യം അനുവദിക്കുന്നു. വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

Std I – IV - Rs. 320/-
Std V – VII - Rs. 630/-
Std VIII – X - Rs. 940/-

- [illegible]
- [illegible] വിദ്യാർത്ഥികൾ ലംപ്സം ഗ്രാന്റിന് അർഹരാണ്.
- ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സമുദായങ്ങളുടെ പട്ടിക അനുബന്ധം 2 ആയി [illegible]
- 6 ലക്ഷം രൂപ വരെ വരുമാന പരിധിക്ക് വിധേയമായി അനുബന്ധം 3 ആയി കൊടുത്തിട്ടുള്ള സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി ക്ക് തുല്യമായ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.
- അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കോളർഷിപ്പ് പോർട്ടലിൽ (www.scholarship.itschool.gov.in) സ്കൂൾ അധികൃതർ ജൂൺ 15 നകം എന്റർ ചെയ്യേണ്ടതാണ്.
- അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ എന്റർ ചെയ്ത ഡാറ്റ ജൂൺ 25 നകം ഓൺലൈൻ ആയി ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ യ്ക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.
- എൽ.പി, യു.പി സ്കൂളുകളിലെ വിവരങ്ങൾ ബന്ധപ്പെട്ട എ.ഇ.ഒ യും, ഹൈസ്കൂളുകളിലെ വിവരങ്ങൾ ബന്ധപ്പെട്ട ഡി.ഇ.ഒ യും കൺഫേം ചെയ്യേണ്ടതാണ്.
- വിദ്യാഭ്യാസ ആഫീസർ കൺഫർമേഷൻ പൂർത്തിയാക്കിയ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് മാത്രമേ ലംപ്സം ഗ്രാന്റ് അനുവദിക്കൂ.
- ലംപ്സം ഗ്രാന്റ് തുക നിലവിൽ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ലഭ്യമാകുന്ന തുക 15 ദിവസത്തിനകം കുട്ടികൾക്ക് അക്വിറ്റൻസ് മുഖേന വിതരണം ചെയ്യേണ്ടതും അക്വിറ്റൻസ് തുടർ പരിശോധനകൾക്കായി സ്ഥാപനത്തിൽ സൂക്ഷിക്കേ ണ്ടതുമാണ്.
- അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് അർഹമായ നിരക്കിൽ ഫീസ് റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്നു. ടി തുക സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്. തുക ലഭ്യമായാലുടൻ ഈടാക്കിയ ഫീസ് കുട്ടികൾക്ക് തിരികെ നൽകേണ്ടതും, അക്വിറ്റൻസ് സൂക്ഷിക്കേണ്ടതുമാണ്.
- വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച എല്ലാ കത്തിടപാടുകളിലും സ്കൂൾ കോഡ്, പ്രധാനാധ്യാപകന്റെ ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

ഓൺലൈനിൽ ലഭ്യമാക്കുന്ന വിവരങ്ങളുടെ ആധികാരികതയും കൃത്യതയും ഉറപ്പാക്കേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്. മാർക്ക്, ജാതി, അക്കൗണ്ട് നമ്പർ എന്നിവ എന്റർ ചെയ്യുന്നതിലെ പിഴവ് മൂലം അനർഹർക്ക് തുക അനുവദിക്കപ്പെടുന്നതും പിന്നീട് തിരിച്ചടക്കുന്നതുമായ സ്ഥിതിവിശേഷം നിലവിലുണ്ട്. ഇപ്രകാരം തിരിച്ചടക്കപ്പെടുന്ന തുക മറ്റൊരു വിദ്യാർത്ഥിക്ക് അലോട്ട് ചെയ്യാനാവില്ല. ആയതിനാൽ സർക്കാർ അനുവദിക്കുന്ന തുക അർഹരായവർക്ക് മാത്രം ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ തുക അധികമായി അനുവദിക്കപ്പെട്ടാൽ ആയത് ട്രഷറി ചലാൻ മുഖേന തിരിച്ചടക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ടുകൾ ചുവടെ ചേർക്കുന്നു. തിരിച്ചടച്ച ചലാന്റെ ഒറിജിനൽ അക്വിറ്റൻസിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| നടപ്പു വർഷത്തെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് | 2225-03-911-99 (ROP - Plan) |
| നടപ്പു വർഷത്തെ ഒ.ഇ.സി ലംപ്സം ഗ്രാന്റ് | 2225-03-277-98-12 (ROP – Non Plan) |

## 3. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്. ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ ഇ - ഗ്രാന്റ്സ് മുഖേനയും, മറ്റ് തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് നേരിട്ടും ആണ്

ആനുകൂല്യം അനുവദിക്കുന്നത്. ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്ക് അക്ഷയ കേന്ദ്രങ്ങളിൽ സൗജന്യമായി ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ് രജിസ്റ്റർ ചെയ്ത അപേക്ഷാഫാറവും, അനുബന്ധരേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

***മറ്റ് കോഴ്സുകളിൽ അനുവദിക്കുന്ന സ്കോളർഷിപ്പ് വിവരവും, അപേക്ഷാ രീതിയും ചുവടെ ചേർക്കുന്നു.***

സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുളള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന അഖിലേന്ത്യ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പുരീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് (100%CSS) അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാന ത്തിനകത്ത് CA/ICWA/കമ്പനി സെക്രട്ടറി കോഴ്സുകളിൽ പഠിക്കുന്നവർക്കും ടി സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർക്ക് ചുവടെ രേഖപ്പെടുത്തുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- അപേക്ഷകന്റെ ജാതി കേരള സംസ്ഥാനത്തെ പിന്നാക്ക വിഭാഗ ലിസ്റ്റിൽ ഉൾപ്പെട്ടതായിരിക്കണം
- കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കരുത്.
- ഒരേ കുടുംബത്തിലെ രണ്ടിലേറെ ആൺകുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല.
- മറ്റേതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് ഒബിസി പോസ്റ്റ് മെട്രിക്സ്കോളർഷിപ്പ് ലഭിക്കുന്നതല്ല. മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കുന്ന സ്കോളർഷിപ്പ് തിരഞ്ഞെടുക്കുന്ന തിന് വിദ്യാർത്ഥിക്ക് അവസരം നൽകുന്നതാണ്.
- ഒരു പ്രൊഫഷണൽ കോഴ്സിന്റെ പഠനത്തിനുശേഷം അതിന്റെ തുടർച്ചയല്ലാത്ത മറ്റൊരു പ്രൊഫഷണൽ കോഴ്സിന് ആനുകൂല്യം അനുവദിക്കുന്നതല്ല. മെഡിക്കൽ പിജി-യ്ക്ക് പഠിക്കുന്നവർക്ക് പ്രാക്ടീസ് അലവൻസ് ലഭിക്കുന്നില്ലെങ്കിൽ മാത്രം സ്കോളർഷിപ്പ് അനുവദി ക്കുന്നതാണ്.
- കേന്ദ്ര സർക്കാരിന്റെ ഒബിസി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ എല്ലാ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും അനുസരിച്ചായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്.
- ***www.bcdd.kerala.gov.in*** എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, SSLC / തത്തുല്യ യോഗ്യതയുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പ്, ഇപ്പോൾ പഠനം നടത്തുന്ന കോഴ്സിന്റെ അടിസ്ഥാന യോഗ്യതയുടെ
- സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്ത ലോടെയും ശുപാർശയോടെയും ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെളളയമ്പലം, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്
- തുക അനുവദിക്കപ്പെടുന്ന പക്ഷം ആയത് വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.

## 4. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

വിവിധ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, അനുബന്ധം.3-ൽ പരാമർശിക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും, പട്ടികജാതി വികസന വകുപ്പിന്റെ ഇ - ഗ്രാന്റ്സ് മുഖേന വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നു. അക്ഷയ കേന്ദ്രങ്ങളിൽ സൗജന്യമായി ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷാഫാറവും, അനുബന്ധരേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട താണ്. അനുവദിക്കുന്ന തുക വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.

## 5. ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വ കലാശാല കളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/പ്യുവർ സയൻസ്/അഗ്രി കൾച്ചർ/മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ്.

*വിശദാംശം ചുവടെ ചേർക്കുന്നു.*

1) ഫസ്റ്റ് ക്ലാസ്സോടെ അല്ലെങ്കിൽ 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാനഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. മേൽ യോഗ്യതയോടെ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണനയുാകും. ബിരുദം നേടിയിട്ടുള്ള വിഷയത്തിന്മേൽ ഉപരിപഠനം നടത്തുന്നവർക്ക് മാത്രമേ സ്കോളർഷിപ്പ് അർഹതയുണ്ടാകൂ.
2) പ്രായപരിധി - 40 വയസ്സ്
3) ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.
4) ഒരേ രക്ഷകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പ് അർഹതയുള്ളൂ.
5) പദ്ധതി പ്രകാരം ഒരു പ്രാവശ്യം മാത്രമേ ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പിന് അർഹതയുള്ളൂ.
6) സർക്കാർ ഉത്തരവിൽ അനു ബന്ധമായി ചേർത്തിട്ടുള്ള 200 യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥി കൾക്കാണ് സ്കോളർഷിപ്പിന് അർഹത. മറ്റ് യൂണിവേഴ്സിറ്റികളിൽ പഠി ക്കുന്നവർ യൂണിവേഴ്സിറ്റിയുടേയും പഠിക്കുന്ന കോഴ്സിന്റേയും മേന്മ ബോധ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കിയാൽ മാത്രമേ അപേക്ഷ പരിഗണിക്കൂ.
7) അപേക്ഷകർ സ്വന്തം ഉത്തരവാദിത്തത്തിൽ യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടേതാണ്.
8) സ്കോളർഷിപ്പ് അനുവദിച്ചതിന് ശേഷം കോഴ്സ് മാറാൻ പാടില്ല.
9) **സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർ അത് അറിയിച്ചു കൊുള്ളഅറിയിപ്പ് ലഭ്യമാകുന്ന തീയതി മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യുന്നതാണ്. പിന്നീട് അതുമായി ബന്ധപ്പെട്ട് യാതൊരുവിധ അപേക്ഷകളും പരിഗണിക്കപ്പെടുന്നതല്ല.**
10) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പദ്ധതിയുമായി ബന്ധപ്പെട്ട നിയമാവലിക്കനുസൃതമായി ബന്ധപ്പെട്ട കോഴ്സ് പൂർത്തീകരിച്ച് കൊള്ളാമെന്നും അല്ലാത്തപക്ഷം മുഴുവൻ സ്കോളർഷിപ്പ് തുകയും സർക്കാർ ചട്ടപ്രകാരം തിരിച്ചടച്ചു കൊള്ളാമെന്നുമുള്ള കരാറിൽ ഏർപ്പെടേതാണ്.
11) കോഴ്സ് ഫീസ്, മെയിന്റനൻസ് ഫീസ് ഇനത്തിൽ മറ്റേതെങ്കിലും ആനുകൂല്യം അപേക്ഷകന് ലഭ്യമാകുന്നുങ്കെിൽ പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേതാണ്.
12) സ്കോളർഷിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.
13) പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും നിർദ്ദേശിക്കപ്പെടുന്ന തീയതിക്കകം ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ നാലാംനില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം -3 എന്ന വിലാസത്തിൽ അയക്കേതാണ്.

## 6. അഡ്വക്കേറ്റ് ഗ്രാന്റ്

അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 7500 രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്നു. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കാത്തവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃക യിലുള്ള അപേക്ഷാഫാറം (വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്) ഡയറക്ടർക്ക് സമർപ്പിക്കണം

## 7. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ, പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ. **www.eep.bcdd.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയാണ് അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ടത്.

ധനസഹായ നിരക്ക്

| | |
|---|---|
| മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് | - 30,000 രൂപ |
| സിവിൽ സർവ്വീസ് | - 50,000 രൂപ |
| ബാങ്കിങ് | - 20,000 രൂപ |
| PSC/UPSC/SSC | - 5,000 രൂപ |

***മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും***

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായ പട്ടികയിൽ (ഒ.ബി.സി. ലിസ്റ്റ്) ഉൾപ്പെട്ട സമുദായാംഗം ആയിരിക്കണം.
2. അപേക്ഷകൻ കേരളീയനായിരിക്കണം.
3. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ അധികരിക്കരുത്. 2 ലക്ഷം രൂപയിൽ അധികരിക്കാത്ത വരുമാന മുള്ളവർക്കായിരിക്കും മുൻഗണന.
4. പ്രശസ്തിയും സേവനപാരമ്പര്യവും ഉള്ള സ്ഥാപനത്തിൽ നിലവിൽ പരിശീലനം നടത്തുന്നവരായിരിക്കണം.
5. **Sunday/Holiday Batch/Short term batch (6 മാസത്തിൽ കുറഞ്ഞ കോഴ്സ് ദൈർഘ്യം)ൽ പരിശീലനം നടത്തുന്നവർ അപേക്ഷിക്കേണ്ടതില്ല. ആഴ്ചയിൽ കുറഞ്ഞത്** 3 ദിവസ മെങ്കിലും പരിശീലനം നടത്തുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.
6. സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ വിജയിച്ചവർ മാത്രം സിവിൽ സർവ്വീസ് വിഭാഗത്തിൽ അപേക്ഷിച്ചാൽ മതിയാകും.
7. മെഡിക്കൽ എഞ്ചിനീയറിംഗ് പരിശീലനത്തിന് ആകെ 30000 രൂപയും (20000+10000), സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് ആകെ 50000 രൂപയും (25000+25000), ബാങ്കിംഗ് പരീക്ഷാ പരിശീലനത്തിന് ആകെ 20000, രൂപയും (10000+10000), പി.എസ്.സി/യു.പി.എസ്.സി പരീക്ഷാ പരിശീലനത്തിന് ആകെ 5000 രൂപയുമാണ് പരമാവധി സ്കോളർ ഷിപ്പ് അനുവദിക്കുന്നത്.
8. www.eep.bcdd.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന അപേക്ഷകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്.
9. ഡാറ്റാ എൻട്രിയ്ക്ക് നേരിടുന്ന പ്രശ്നങ്ങൾ ***eepforobc@gmail.com*** എന്ന ഇ മെയിൽ വിലാസത്തിൽ മാത്രം അറിയിക്കേണ്ടതാണ്.
10. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതും, സിസ്റ്റം ജനറേറ്റ് ചെയ്യുന്ന ആപ്ലിക്കേഷൻ നമ്പർ (**EEP Number**) തുടർന്നുള്ള ആവശ്യങ്ങൾക്കായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.
11. അപേക്ഷയിൽ സ്വന്തം ഇമെയിൽ വിലാസവും, മൊബൈൽ നമ്പരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
12. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം വരുമാനം രേഖപ്പെടുത്തേണ്ടത്. ടി വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പരും, തീയതിയും രേഖപ്പെടുത്തണം.

13. യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.

14. ഒരു വ്യക്തി ഏതെങ്കിലും ഒരു സ്കീമിന് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. മുൻപ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർ അപേക്ഷിക്കാൻ പാടില്ല.

15. ഓൺലൈൻ രജിസ്റ്റർ ചെയ്യുമ്പോൾ അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൗണ്ട് തന്നെ എന്റർ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. രക്ഷിതാവിന്റെയോ, മറ്റുള്ളവരുടേയോ പേരിലുള്ള ബാങ്ക് അക്കൗണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു പ്രാവശ്യമെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

16. മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരിശീലനത്തിന് സഹായത്തിനായി അപേക്ഷിക്കുന്നവർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം. നിലവിൽ ഹയർസെക്കന്ററിക്ക് പഠിച്ചുകൊണ്ടിരിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല.
മറ്റു സ്കീമുകളിലെ അപേക്ഷകരുടെ പ്രായപരിധി - 18 നും 39 നും മധ്യേ

17. റവന്യൂ അധികൃതർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനം ആയിരിക്കണം ഓൺ ലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. ഇത് ഗുണഭോക്താക്കളെതെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും. ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്നപക്ഷം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

18. ഓരോ മത്സരപരീക്ഷകൾക്കുമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടിയവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.

19. മാർക്ക്, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് പട്ടിക ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ മാത്രം ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട് (നിശ്ചിത സ്ഥാനത്ത് അപേക്ഷകൻ ഒപ്പ് വച്ചിരിക്കണം), ജാതി/വരുമാനം, SSLC വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും, ഓൺലൈനിൽ രേഖപ്പെടുത്തിയിരിക്കുന്ന മാർക്ക് ശതമാനം തെളിയിക്കുന്ന Mark List/ Consolidated Mark List ന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, നിശ്ചിത മാതൃകയിൽ പരിശീലന സ്ഥാപനമേധാവി നൽകുന്ന സാക്ഷ്യപത്രം, സ്ഥാപനത്തിൽ ഫീസ് അടച്ച ഒറിജിനൽ രസീത്, ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ, ആധാർ/റേഷൻകാർഡ്-ന്റെ പകർപ്പ് എന്നിവ ചുവടെ രേഖപ്പെടുത്തും പ്രകാരമുള്ള** മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**a) <u>തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള 7 ജില്ലകളിലെ അപേക്ഷകർ</u>**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം മേഖലാ ഓഫീസ്,
പിന്നാക്ക സമുദായ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,
എറണാകുളം - 682030

**b) തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള**
**7 ജില്ലകളിലെ അപേക്ഷകർ**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട് മേഖലാ ഓഫീസ്.
പിന്നാക്ക സമുദായ വികസന വകുപ്പ്
സിവിൽ സ്റ്റേഷൻ (ഒന്നാം നില),
കോഴിക്കോട്-673020

20. **ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ** മാത്രം അപേക്ഷയും അനുബന്ധ രേഖകളും നൂൽ ഉപയോഗിച്ച് തുന്നിക്കെട്ടി 32 cm x 25 cm വലിപ്പത്തിലുള്ള കവറിൽ അയക്കേണ്ടതാണ്. കവറിനു പുറത്ത് **Application for Employability Enhancement Programme** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
21. അപേക്ഷയിൽ രേഖപ്പെടുത്തുന്ന മാർക്ക് ശതമാനം തെളിയിക്കുന്നതിന് മാർക്ക് ലിസ്റ്റോ/കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റോ ആണ് ഹാജരാക്കേണ്ടത്. മറിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് അല്ല.
22. മുൻ വർഷം സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പ്രിലിംസ്/ഫൈനൽ പരീക്ഷകൾക്ക് ഹാജരായവർ ലഭിച്ച സ്കോർ/നിലവാരം കാണിക്കുന്ന രേഖകൾ കൂടി അയക്കേണ്ടതാണ്.
23. ഈ പദ്ധതി സംബന്ധിച്ച എല്ലാ അറിയിപ്പുകളും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

## 8. ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ഐ.റ്റി.ഐ/ഐ.റ്റി.സി കോഴ്സ് പൂർത്തി യാക്കിയവർക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണ് ഇത്. പരിശീലന കാലയളവിൽ ട്യൂഷൻ ഫീസ്/സ്റ്റൈപ്പന്റ് ഇനങ്ങളിലായി പ്രതിമാസം പരമാവധി 5000 രൂപ വരെ അനുവദിക്കുന്നു. വരുമാന പരിധി - 1 ലക്ഷം രൂപ

## 9. വിശ്വകർമ്മജർക്കുള്ള പെൻഷൻ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ മറ്റ് ക്ഷേമ പെൻഷനുകളൊന്നും ലഭ്യമല്ലാത്ത 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിലേർപ്പെട്ടിരുന്നവർക്കുള്ള പ്രതിമാസം 500 രൂപ വീതം പെൻഷൻ അനുവദിക്കുന്നു. *www.bcdd.kerala.gov.in* എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## 10. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 25000/- രൂപ വീതം ധനസഹായം അനുവദിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കണം.

### മാനദണ്ഡങ്ങൾ

- സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ട, പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളിയായിരിക്കണം.
- നിലവിൽ മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്യുന്നവരായിരിക്കണം.

❖ വാർഷിക വരുമാനം **ഒരു ലക്ഷം രൂപയിൽ** അധികരിക്കരുത് (ബി.പി.എൽ വിഭാഗത്തിന് മുൻഗണന)

❖ വില്ലേജ് ഓഫീസറിൽ നിന്നും വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

❖ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി/സെക്രട്ടറി നൽകുന്ന മൺപാത്ര തൊഴിൽ നിലവിൽ ചെയ്യുന്നവരാണെന്ന സാക്ഷ്യപത്രം നിർബന്ധമാണ്.

❖ അപേക്ഷയോടൊപ്പം പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം.

11. **പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം**

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000 രൂപ വരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം, ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ് ബുക്ക് തുടങ്ങിയവ യുടെ പകർപ്പുകൾ സഹിതം അതാത് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർ സർക്കാരുമായി കരാറിൽ ഏർപ്പെടുന്നമുറയ്ക്ക് ബാങ്ക് അക്കൗണ്ടിലേക്ക് ധന സഹായം ലഭ്യമാക്കുന്നതാണ്.

12. **പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം**

**പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനുമായി** 2016-17 **മുതൽ** നടപ്പിലാക്കുന്ന പുതിയ പദ്ധതി, പരമാവധി ഗ്രാന്റായി ഒരു വ്യക്തിക്ക് 25,000/- രൂപ അനുവദിക്കുന്നു. അപേക്ഷകൻ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടതും പരമ്പരാഗത കരകൗശല തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും കുടുംബ വാർഷിക വരുമാനം 1 ലക്ഷത്തിൽ അധികരിക്കാത്തവരുമായിരിക്കണം. നൈപുണ്യ വികസനത്തിന് പരമാവധി 5000/- രൂപ വരെ അനുവദിക്കുന്നു. പരിശീലനം ആവശ്യമായവർക്ക് ടൂൾകിറ്റിനായി പരമാവധി അനുവദിക്കുന്ന തുക 20000/- ആയിരിക്കും.

*********

(signature)
സർക്കാർ സെക്രട്ടറി